GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
Website: fibkerala.gov.in
E-mail:piofibtvm@gmail.com
Telephone: 0471 – 2318186, 2317314

Press Release

PR.95/2026 19.08.2026

**കാലാവസ്ഥാ പ്രതിരോധ കൃഷിയിലേക്കും വിഷരഹിത ഭക്ഷ്യോൽപ്പാദനത്തിലേക്കും കേരളം: കൃഷിമന്ത്രി ടി. സിദ്ദിഖ്**

**മിത്ര അഗ്രിഫെസ്റ്റ് 2026 ഉദ്ഘാടനം ചെയ്തു**

വെള്ളനാട്: കാലാവസ്ഥാ വ്യതിയാനം, തൊഴിലാളി ക്ഷാമം, വിപണന പ്രതിസന്ധി, വിഷാംശമുള്ള ഭക്ഷ്യവസ്തുക്കൾ തുടങ്ങിയ കാർഷിക മേഖലയിലെ വെല്ലുവിളികളെ അതിജീവിക്കാൻ ശാസ്ത്രീയവും കാലാവസ്ഥാ പ്രതിരോധശേഷിയുള്ളതുമായ കാർഷിക രീതികളിലേക്കാണ് കേരളം മുന്നേറുന്നതെന്ന് കൃഷിവകുപ്പ് മന്ത്രി അഡ്വ. ടി. സിദ്ദിഖ് പറഞ്ഞു. തിരുവനന്തപുരം ജില്ലയിലെ വെള്ളനാട് മിത്രനികേതന്റെ 70-ാം വാർഷികാഘോഷങ്ങളുടെ ഭാഗമായി ആഗസ്റ്റ് 18 മുതൽ 20 വരെ മിത്രനികേതൻ ക്യാമ്പസിൽ സംഘടിപ്പിക്കുന്ന 'മിത്ര അഗ്രിഫെസ്റ്റ് 2026' കാർഷിക പ്രദർശന-വിപണനമേള ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം. കർഷകനെ കൃഷിയിടത്തിൽ ഉറപ്പിച്ചു നിർത്തുക എന്നതാണ് സർക്കാരും സമൂഹവും ഒരുപോലെ നേരിടുന്ന ഏറ്റവും വലിയ വെല്ലുവിളിയെന്ന് മന്ത്രി പറഞ്ഞു. കാലാവസ്ഥാ വ്യതിയാനത്തിന്റെ ആഘാതം ഏറ്റവും കൂടുതൽ അനുഭവിക്കുന്നത് കർഷകരാണ്. അതിനാൽ കാലാവസ്ഥാ വ്യതിയാനത്തെയും പ്രകൃതിക്ഷോഭങ്ങളെയും പ്രതിരോധിക്കാൻ കഴിയുന്ന കാർഷിക രീതികൾ, വിത്തുകൾ, നടീൽ വസ്തുക്കൾ, സാങ്കേതികവിദ്യകൾ എന്നിവ വികസിപ്പിക്കുന്നതിനുള്ള സമഗ്ര ഇടപെടലുകളാണ് സർക്കാർ ആരംഭിച്ചിട്ടുള്ളതെന്ന് അദ്ദേഹം പറഞ്ഞു.

വേൾഡ് ബാങ്കിന്റെ KERA പദ്ധതിയുടെ ഭാഗമായി കാലാവസ്ഥാ വ്യതിയാനത്തെ അതിജീവിക്കാൻ കഴിയുന്ന കാർഷിക മാതൃകകൾ വികസിപ്പിക്കുന്നതിനായി കേരള കാർഷിക സർവകലാശാലയുമായി ചേർന്ന് വിവിധ പരീക്ഷണ പദ്ധതികൾ ആരംഭിച്ചതായി മന്ത്രി അറിയിച്ചു. പരമ്പരാഗത കൃഷിരീതികളിൽ നിന്ന് മാറി അതിതീവ്ര ചൂട്, വെള്ളപ്പൊക്കം,

വരൾച്ച തുടങ്ങിയ പ്രതിസന്ധികളെ അതിജീവിക്കാൻ കഴിയുന്ന കാലാവസ്ഥാ പ്രതിരോധ കാർഷിക സംവിധാനങ്ങൾ വികസിപ്പിക്കുന്നതിനാണ് സർക്കാർ ഊന്നൽ നൽകുന്നതെന്ന് അദ്ദേഹം പറഞ്ഞു.

കേരളത്തിൽ വിഷരഹിത ഭക്ഷ്യോൽപ്പാദനം ശക്തിപ്പെടുത്തുന്നതിനുള്ള നടപടികളും സർക്കാർ ഊർജിതമാക്കിയിട്ടുണ്ടെന്ന് മന്ത്രി പറഞ്ഞു. കേരള കാർഷിക സർവകലാശാല ഉൾപ്പെടെയുള്ള സർക്കാർ ലബോറട്ടറികളിൽ പരിശോധിച്ച 1,258 പച്ചക്കറി സാമ്പിളുകളിൽ 62 എണ്ണത്തിൽ അനുവദനീയ പരിധിയേക്കാൾ കൂടുതലായി കീടനാശിനിയുടെ സാന്നിധ്യം കണ്ടെത്തിയതായി അദ്ദേഹം ചൂണ്ടിക്കാട്ടി. ഉപഭോക്താക്കൾക്ക് സുരക്ഷിത ഭക്ഷണം ഉറപ്പാക്കുന്നതിനായി പരിശോധനകൾ കൂടുതൽ വ്യാപിപ്പിക്കുന്നതോടൊപ്പം സംസ്ഥാനത്ത് മൊബൈൽ ഫുഡ് റെസിഡ്യൂ പരിശോധനാ ലബോറട്ടറുകൾ ആരംഭിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരികയാണെന്ന് മന്ത്രി വ്യക്തമാക്കി.

വിഷാംശമുള്ള ഭക്ഷ്യവസ്തുക്കൾക്കെതിരായ ഏറ്റവും ഫലപ്രദമായ പ്രതിവിധി സ്വന്തം വീട്ടിൽ തന്നെ കൃഷി ചെയ്യുന്നതാണെന്ന് മന്ത്രി പറഞ്ഞു. കുടുംബങ്ങളും വിദ്യാർത്ഥികളും പൊതുസമൂഹവും വീണ്ടും കാർഷിക സംസ്കാരത്തിലേക്ക് തിരിച്ചുവരേണ്ട സമയമാണിതെന്നും അദ്ദേഹം പറഞ്ഞു.

വിദ്യാർത്ഥികളിൽ കാർഷിക സംസ്കാരം വളർത്തുന്നതിനായി സംസ്ഥാനത്ത് 'കതിർ' കാർഷിക ക്ലബ്ബുകൾ ആദ്യഘട്ടത്തിൽ 500 സ്കൂളുകളിൽ ആരംഭിക്കുമെന്നും, കാർഷിക പ്രവർത്തനങ്ങളിൽ സജീവമായി പങ്കെടുക്കുന്ന വിദ്യാർത്ഥികൾക്ക് ഗ്രേസ് വെയിറ്റേജ് നൽകുന്ന സംവിധാനം നടപ്പിലാക്കുമെന്നും മന്ത്രി അറിയിച്ചു. അന്താരാഷ്ട്ര വനിതാ കർഷക വർഷത്തിന്റെ ഭാഗമായി 'കൃഷി സഖി' പദ്ധതിയിലൂടെ വനിതാ കർഷകരെ ഉൽപ്പാദനം മുതൽ വിപണനം വരെ കൂടുതൽ ശാക്തീകരിക്കുന്ന നടപടികളും സർക്കാർ സ്വീകരിച്ചുവരുന്നതായി അദ്ദേഹം പറഞ്ഞു.

മിത്രനികേതൻ ഗ്രാമവികസനം, വനിതാ ശാക്തീകരണം, ആദിവാസി വികസനം, കാർഷിക പുരോഗതി, വിദ്യാഭ്യാസം തുടങ്ങി വിവിധ മേഖലകളിൽ ഏഴ് പതിറ്റാണ്ടായി നടത്തുന്ന പ്രവർത്തനങ്ങളെ മന്ത്രി അഭിനന്ദിച്ചു. സ്വാതന്ത്ര്യാനന്തര ഇന്ത്യയിൽ സാമൂഹിക നവോത്ഥാനത്തിന്റെയും ഗ്രാമീണ വികസനത്തിന്റെയും മാതൃകാപരമായ സ്ഥാപനം എന്ന നിലയിൽ മിത്രനികേതന്റെ സംഭാവനകൾ വിലമതിക്കാനാവാത്തതാണെന്നും അദ്ദേഹം പറഞ്ഞു.

ഗ്രാമീണ വികസനത്തിനും കാർഷിക പുരോഗതിക്കും ജീവിതം സമർപ്പിച്ച പത്മശ്രീ കെ. വിശ്വനാഥന്റെ സ്മരണയ്ക്ക് ആദരാഞ്ജലി അർപ്പിച്ച മന്ത്രി, അദ്ദേഹത്തിന്റെ ദർശനവും പ്രവർത്തനങ്ങളും ഇന്നും മിത്രനികേതന്റെ പ്രവർത്തനങ്ങളിലൂടെ സമൂഹത്തിന് പ്രചോദനമായി തുടരുകയാണെന്നും പറഞ്ഞു.

സാങ്കേതികവിദ്യയും സംരംഭകത്വവും കാർഷിക മേഖലയുമായി സംയോജിപ്പിച്ച് യുവജനങ്ങൾക്കും കർഷകർക്കും പുതിയ അവസരങ്ങൾ പരിചയപ്പെടുത്തുകയും കൃഷിയെ ആദായകരമായ തൊഴിൽമേഖലയായി പ്രോത്സാഹിപ്പിക്കുകയും ചെയ്യുക എന്നതാണ് 'മിത്ര അഗ്രിഫെസ്റ്റ് 2026'-ന്റെ പ്രധാന ലക്ഷ്യം. മൂന്ന് ദിവസങ്ങളിലായി സമകാലിക കാർഷിക വിഷയങ്ങളിൽ വിദഗ്ധർ നയിക്കുന്ന പഠനക്ലാസുകൾ, സംവാദങ്ങൾ, കാർഷിക പ്രദർശനങ്ങൾ, വിപണന സൗകര്യങ്ങൾ, മൂല്യവർധിത ഉൽപ്പന്നങ്ങളുടെ സ്റ്റാളുകൾ, സാംസ്കാരിക പരിപാടികൾ എന്നിവയും സംഘടിപ്പിച്ചിട്ടുണ്ട്.

മിത്രനികേതൻ സെക്രട്ടറി ഡോ. രഘു രാമദാസ് സ്വാഗതം പറഞ്ഞു. അരുവിക്കര എം.എൽ.എ അഡ്വ. ജി. സ്റ്റീഫൻ അധ്യക്ഷത വഹിച്ചു. മിത്രനികേതൻ ഡയറക്ടറും ഹെഡ്മിസ്ട്രസുമായ ശ്രീമതി സേതു വിശ്വനാഥൻ, വെള്ളനാട് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ശ്രീ. വെള്ളനാട് ശശി, ജില്ലാ പഞ്ചായത്ത് ക്ഷേമകാര്യ സ്ഥിരംസമിതി അധ്യക്ഷ ശ്രീമതി എൽ. പി. മായാദേവി, ബ്ലോക്ക് പഞ്ചായത്ത് അംഗം ശ്രീമതി ധന്യ എൽ., ഗ്രാമപഞ്ചായത്ത് അംഗം ശ്രീമതി സുമ സതീശൻ, കൃഷി വകുപ്പ് അഡീഷണൽ ഡയറക്ടർ (മാർക്കറ്റിംഗ്) ശ്രീമതി സിന്ധു എസ്., കാട്ടാക്കട കൃഷി അസിസ്റ്റന്റ് ഡയറക്ടർ ശ്രീമതി ചന്ദ്രലേഖ സി. എസ്. എന്നിവർ സംസാരിച്ചു. മിത്രനികേതൻ കൃഷി വിജ്ഞാന കേന്ദ്രം മേധാവി ശ്രീമതി ജി. ചിത്ര നന്ദി രേഖപ്പെടുത്തി.

കർഷകർ, ഫാർമർ പ്രൊഡ്യൂസർ കമ്പനികൾ, കുടുംബശ്രീ യൂണിറ്റുകൾ, കാർഷിക സംരംഭകർ, വെള്ളായണി കാർഷിക കോളേജ്, മൃഗസംരക്ഷണ വകുപ്പ്, കേന്ദ്ര കിഴങ്ങുവിള ഗവേഷണ കേന്ദ്രം ഉൾപ്പെടെയുള്ള ഗവേഷണ സ്ഥാപനങ്ങൾ, വിവിധ സർക്കാർ വകുപ്പുകൾ എന്നിവ മേളയിൽ പങ്കാളികളായി. കാർഷിക മേഖലയിലെ നൂതന സാങ്കേതികവിദ്യകൾ, സംരംഭകത്വ സാധ്യതകൾ, മൂല്യവർധിത ഉൽപ്പന്നങ്ങൾ, യന്ത്രവത്കരണം എന്നിവ പരിചയപ്പെടുത്തുന്ന സ്റ്റാളുകളും പ്രദർശനങ്ങളും മേളയുടെ പ്രധാന ആകർഷണങ്ങളാണ്.

**പ്രിൻസിപ്പൽ ഇൻഫർമേഷൻ ഓഫീസർ**